പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 85      09-03-2015-ൽ മറുപടിയ്ക്ക്

## മദ്യ വിമുക്ത കേരളം പദ്ധതി

ചോദ്യം:      ഉത്തരം:

ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. കെ. മുരളീധരൻ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മദ്യവിമുക്ത കേരളം പദ്ധതി നടപ്പാക്കിത്തുടങ്ങിയോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വിവിധ മദ്യ വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മദ്യ വിമുക്തമാക്കുന്ന നടപടികളാണ് ഇതിനോടകം നടപ്പാക്കി വരുന്നത്. മദ്യത്തിന്റെ ദൂഷ്യ ഫലങ്ങൾ സംബന്ധിച്ച് ആശയങ്ങൾ സമൂഹത്തിന്റെ നാനാ തുറകളിലും എത്തിക്കുകയും, മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടം ഘട്ടമായി 'മദ്യ വിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | മദ്യാസക്തിക്കെതിരെ സ്കൂൾ കോളേജ് കാമ്പസുകളിൽ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടി സംബന്ധിച്ച വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | വിദ്യാർത്ഥികളിലും യുവജനങ്ങളിലുമുള്ള മദ്യാസക്തിയെ എക്സൈസ് വകുപ്പ് വളരെ ഗൗരവപൂർവ്വമാണ് പരിഗണിക്കുന്നത്. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും, യുവാക്കളെയും, പൊതുജനങ്ങളെയും ബോധവാൻമാർ ആക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾ തലങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുമായും കോളേജ് തലത്തിൽ |

| | | | |
|---|---|---|---|
| | | | നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റിയുടെ ശുപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യായന വർഷത്തിൽ 1, 3, 5, 7, 11 ക്ളാസ്സുകളിൽ നടപ്പിലാക്കുകയും 2015-16 അദ്ധ്യായന വർഷത്തിൽ 2, 4, 6, 8, 12 ക്ളാസുകളിലും, 2016-17 അദ്ധ്യായന വർഷം 9, 10 ക്ളാസുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ മദ്യമയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കെ. എസ്. ആർ.ടി.സി, റെയിൽവേസ്റ്റേഷൻ സി.സി.ടി.വി വഴിയുള്ള ബോധവൽക്കരണം, ദൃശ്യ- ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, കെ.എസ്.ആർ.ടി.സി ബസ്സിന്റെ സൈഡ് പാനൽ വഴിയുള്ള പരസ്യം, കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ, അട്ടപ്പാടി, വയനാട് എന്നീ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സാമൂഹ്യ-സന്നദ്ധസംഘടനകൾ എന്നിവയുമായി സഹകരിച്ച് കൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (സി) | പ്രസ്തുത പരിപാടിക്ക് സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രയോജനപ്പെടുത്തുമോ ? | (സി) | ഇത്തരം പ്രവർത്തനങ്ങളിൽ നിലവിൽ സന്നദ്ധ സംഘടനകളുടെയും, സർക്കാർ മാധ്യമങ്ങളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ